**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4227** **18-07-2022 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഇന്റഗ്രേറ്റഡ് റൈസ് പാർക്കിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് പാർക്കിന്റെ നിർമ്മാണം നിലവിൽ ഏത് നിലയിലാണ്; നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത പാർക്ക് എന്ന് പ്രവർത്തന സജ്ജമാവും എന്ന് അറിയിക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്കിനുള്ളിൽ അഞ്ച് ഏക്കർ സ്ഥലത്താണ് സംയോജിത റൈസ് ടെക്നോളജി പാർക്ക് ആരംഭിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികളിലൂടെ കരാറുകാരെ നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. പദ്ധതി 2023 മാർച്ച് മാസത്തോടുകൂടി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇന്റഗ്രേറ്റഡ് റൈസ് പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് എന്നും, ഇത് മൂലം നെൽകർഷകർക്ക് എന്തെല്ലാം ഗുണഫലങ്ങളാണ് ലഭിക്കുക എന്നും വിശദമാക്കാമോ? | (ബി) | റൈസ് ടെക്നോളജി പാർക്കിൽ 5,750 ടൺ നെല്ല് ഒരു സമയം സൂക്ഷിക്കാൻ പറ്റുന്ന സൈലോ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഇതുമൂലം കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് കാലതാമസം കൂടാതെ ശേഖരിക്കാമെന്നത്കൊണ്ട് കൊയ്ത്തു കഴിഞ്ഞ് പാടത്ത് കിടന്ന് നെല്ല് നശിച്ചു പോകുന്ന അവസ്ഥ ഒഴിവാക്കുവാനാകും.<br><br>റൈസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിൽ അരിയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലിറക്കുന്നതു വഴി കർഷകരുടെ നെല്ലിന് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ